**ഗുണമേന്മയുള്ള വിദ്യാഭ്യാസം**
**ഓരോ കുട്ടിയുടെയും അവകാശം**

സമഗ്രഗുണമേന്മാപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025**

**ക്ലാസ് ഒന്ന്**

സ്കൂൾ: ......എ എൽ പി എസ്......
......വടക്കുമുറി......
......അരീക്കോട്......ഉപജില്ല

ക്ലാസ് അധ്യാപിക: ആമിന. കെ, അഫ്ന. കെ. ബി
ഫോൺനമ്പർ: ...99463 25345,9400268991...

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അക്കാദമിക് കഴിവുകൾക്ക് പുറമെ അവരുടെ സാമൂഹികവും വൈകാരികവും ശാരീരികവും സാംസ്കാരികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകുന്ന ഒരു വിദ്യാഭ്യാസ സമീപനമാണ്. ഇത് വെറും പാഠപുസ്തക അറിവിൽ ഒതുങ്ങുന്നില്ല, മറിച്ച് ഓരോ കുട്ടിയുടെയും വ്യക്തിത്വ വികാസത്തിനും ഭാവി ജീവിതത്തിൽ വിജയിക്കാൻ ആവശ്യമായ കഴിവുകൾ നേടുന്നതിനും പ്രാധാന്യം നൽകുന്നു.

സമഗ്രമായ വികസനം,.വ്യക്തിഗത ശ്രദ്ധ,പ്രവർത്തന അധിഷ്ഠിത പഠനം,സാമൂഹികവും വൈകാരികവുമായ വളർച്ച,മൂല്യാധിഷ്ഠിത വിദ്യാഭ്യാസം,തുടർച്ചയായ വിലയിരുത്തൽ എന്നിവയെല്ലാം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ പ്രധാന സവിശേഷതകളാണ്.

. ഒന്നാം ക്ലാസ്സ് കുട്ടികളുടെ വിദ്യാഭ്യാസ യാത്രയിലെ ഒരു സുപ്രധാന ചുവടുവെപ്പാണ്. അടിസ്ഥാനപരമായ അറിവുകളും കഴിവുകളും നേടുന്നതിനും, പഠനത്തോടുള്ള താല്പര്യം വളർത്തുന്നതിനും ഈ ഘട്ടം നിർണ്ണായകമാണ്. കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ട്, പഠനം രസകരവും ആകർഷകവുമാക്കാൻ സഹായിക്കുന്ന ഒരു സമഗ്രമായ രൂപരേഖയാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ.

ഈ പ്ലാൻ, കുട്ടികളെ അക്ഷരങ്ങളും അക്കങ്ങളും പഠിപ്പിക്കുന്നതിനോടൊപ്പം, അവരുടെ സാമൂഹികവും, വൈകാരികവും, ശാരീരികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകുന്നു. കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ആശയങ്ങൾ മനസ്സിലാക്കാനും, പുതിയ കാര്യങ്ങൾ കണ്ടെത്താനും, ചോദ്യങ്ങൾ ചോദിക്കാനുമുള്ള കഴിവ് വളർത്തുന്നതിന് ഇത് പ്രോത്സാഹനം നൽകും. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പഠന ആവശ്യകതകൾ മനസ്സിലാക്കി, അവർക്ക് സ്വന്തം കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുക എന്നതാണ് ഈ പ്ലാനിന്റെ കാതൽ.

ഈ മാസ്റ്റർ പ്ലാൻ, ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ആസ്വാദ്യകരവും അർത്ഥവത്തുമായ ഒരു പഠനാനുഭവം ഉറപ്പാക്കിക്കൊണ്ട്, ഭാവിയിലെ പഠനത്തിന് ശക്തമായ അടിത്തറ പാകാൻ സഹായിക്കും.

അവസ്ഥാവിശകലനം

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ:

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 2 ഡിവിഷനുകളിൽ **56** കുട്ടികളാണ് പ്രവേശനം

നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ **56** പേരാണ്. അതിഥിത്തൊഴിലാളികളായ

രക്ഷിതാക്കളുടെ മക്കൾ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി

കുട്ടികളൊന്നുമില്ല.ഗോത്രവിഭാഗത്തിൽപ്പെട്ടവർ ആരും തന്നെ ഇല്ല.

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച്

വയസായ.................. കുട്ടികളും ആറ് വയസ്സായ ..............കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

വാർഷിക ലക്ഷ്യങ്ങൾ:

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ,

തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക

ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക

2. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും

പങ്കിടാനുമുള്ള കഴിവ് നേടുക

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള

കഴിവ് നേടുക

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി

പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക

8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

# മലയാളം

ലക്ഷ്യങ്ങൾ
1.പൂർണപങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
3.രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക
4.വായിച്ചുകേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള
എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ
തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന ( വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ്
നടത്തുക
7. ഓരോ കുട്ടിയെയും പ്രധാനപഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ
സംയുക്ത വിലയിരുത്തൽ നടത്തുക
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യൂ ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക്
ലഭ്യമാക്കുക
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന്
അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക
10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | 1.പൂർണ്ണപങ്കാളിത്ത ക്ലാസ് പി ടി എ<br>2.വായനോത്സവവും കഥാവേളയും<br>3.ഒന്നൊരുക്കം(സന്നദ്ധതാ പ്രവർത്തനങ്ങൾ)<br>4.വായനക്കാർഡുകൾ<br>5.ചിത്ര വായന<br>6.സംയുക്ത വിലയിരുത്തൽ<br>7.അനുഭവ വിവരണം<br>8.കുഞ്ഞെഴുത്ത് ആരംഭിക്കൽ |
| ജൂലൈ | 1.പാട്ടരങ്ങ്<br>2.കഥയാരങ്ങ്<br>3.പത്രം,മാസിക എന്നിവയിൽ നിന്നും പരിചിത അക്ഷരങ്ങൾ അടിവര ഇടുക<br>4.വാക്യങ്ങൾ, ആശയങ്ങൾ എന്നിവ എഴുതൽ<br>5.അക്ഷരശുദ്ധി, ഇടവിടൽ, ചിഹ്നം എന്നിവ പാലിച്ചുള്ള രചന<br>6.റീഡേഴ്സ് തീയേറ്റർ |
| ഓഗസ്റ്റ് | 1.സ്വയതമാക്കിയ അക്ഷരങ്ങൾ പദങ്ങൾ ഉപയോഗിച്ച് പദങ്ങൾ വാക്യങ്ങൾ നിർമ്മിക്കൽ<br>2.കഥചിത്രത്തിലെ കതപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം,കഥ എന്നിവ ഭാവനയോടെ അവതരിപ്പിക്കൽ<br>3.അക്ഷരശുദ്ധി, ഇടവിടൽ, ചിഹ്നം എന്നിവ പാലിച്ചുള്ള രചന<br>4.ദേശസ്നേഹ കഥകൾ കേൾക്കാം |

# ഗണിതം

ലക്ഷ്യങ്ങൾ

1.കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
2.ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാനം , ത്രിമാന രൂപങ്ങൾ തിരിച്ചറയുകയും തരംതിരിക്കുകയു ചെയ്യുക .
3.രൂപങ്ങൾ ആകൃതികനുസരിച്ചുതരംതിരിക്കുക.
4. ചിത്രങ്ങൾക്ക് നിറംകൊടുക്കുകയും, ചിത്രപറ്റേണുകൾ പൂർത്തീകരിക്കൽ നിറം നിൽകുകയുംചെയ്യുക .
5.1 മുതൽ 20 വരെയുള്ള സംഖ്യബോധം

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | 1.ജ്യാമതീയ രൂപങ്ങൾ പരിചയപ്പെടൽ<br>2.ചുറ്റുപാടും നിരീക്ഷിച്ച് ജ്യാമതീയ രൂപങ്ങൾ തിരിച്ചറിയൽ<br>3.ഗണിതപ്രവർത്തനങ്ങളിൽ കളികൾ ഉൾപെടുത്തൽ<br>4.വർക്ക്ഷീറ്റ്<br>5. ജ്യാമതീയ രൂപങ്ങൾ നിർമ്മിക്കൽ |
| ജൂലൈ | 1.എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി<br>2.1 മുതൽ 5 വരെ സംഖ്യ. കൂട്ടങ്ങൾ തിരിച്ചറിയുന്നു, എണ്ണുന്നു, എഴുതുന്നു<br>3.ചെറുത്, വലുത് തിരിച്ചറിയുന്നു<br>4.മുകളിൽ, താഴെ,ഇടത്, വലുത് എന്നി ആശയങ്ങൾ ഗ്രഹിക്കാനുള്ള പ്രവർത്തനങ്ങൾ<br>5.ഗണിത പ്രവർത്തനങ്ങൾ ലളിതമാകുന്നതിന് വേണ്ടി രക്ഷിതാക്കളുടെ സഹായത്തോടെ ശില്പശാല സംഘടിപ്പിക്കൽ |
| ഓഗസ്റ്റ് | 1.1 മുതൽ 20 വരെയുള്ള സംഖ്യ ബോധം.<br>2.മഞ്ചാടി സഞ്ചിയിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപെടുന്നു |

# ENGLISH

**Objectives**

1.To provide opportunities to listen the english language.
2.Listen to teacher talk and show signs of understanding verbally & non-verbally.
3.Engage in games.
4. Enact contexts or events individually or in groups.
5.Read conversations, songs & simple descriptions graphically.
6.Get familiarised with phatic communication expressions such as, Hello, I'm sorry, Thank you, Bye etc.

| Time | Activities |
|---|---|
| June | 1.cartoon show<br>2.Word Games<br>3.Picture reading<br>4.Action songs<br>5.Teacher interaction<br>6.Role play |
| July | 1.My word book<br>2.Describe pictures on the. textbook orally.<br>3.HELLO ENGLISH activities |
| August | 1.picture card matching with the words<br>2.write  description in simple  sentence<br>3.Rearrange the events in the story |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# std 2

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ
🌾🌾🌾🌾🌾🌾

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം
🌾🌾🌾🌾🌾

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം
🍡🍡🍡🍡🍡🍡🍡🍡

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ ചിത്രവും പദവും ഉൾക്കൊണ്ട്)
🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
.🐥 വായനാ സാമഗ്രികൾ നിർമിക്കൽ
🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

🐥 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
🐥 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
🐥 വീട്ടു ലൈബ്രറി ഒരുക്കൽ
🐥 ചിത്ര വിവരണം
🐥 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ
🌾🌾🌾🌾

🐥 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
🐥 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
🐥 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
🐥 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

🍡 കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
🍡 വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ
✨✨✨

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ
✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി
✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)
✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി
🌾🌾🌾🌾

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്
🌼🌼🌼

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
🍁 ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
🍁🍁🍁🍁🍁🍁🍁🍁🍁

# English

Aim . : To speak, Read, & write English without any mistakes
Time - June ,July, August

**June**

Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

**July & August**

Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

## ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
🌻 സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
🌻 ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🌻 ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം
🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
🌻1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

🌻 പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
🌻 സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

🌻 ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
🌻 വിലവിവരപട്ടിക തയ്യാറാക്കൽ
🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
🌻 സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ
🌻 സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

🌻 സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
🌻 സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്
'

🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ
🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
🌻 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ക്ലാസ്സ്: 3

മലയാളം.

<u>ലക്ഷ്യങ്ങൾ:</u>

- പാഠ്യപദ്ധതി ലക്ഷ്യങ്ങൾ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും, സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

- രചനകൾ ഭാവാത്മകമായി വായിക്കും.

- വൈവിധ്യ ഭാഷാഘടകങ്ങൾ [ കഥ, കവിത, നാടൻപാട്ട്, കടങ്കഥ ] പഴഞ്ചൊല്ല് .... മുതലായവ] ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

- ലഘുവായ സർഗാത്മക രചനകൾ നടത്തും
  [ കഥ, കവിത, ഡയറി, ചിത്രം ]

- കഥകളെയും, കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. [വിവരണം, സംഭാഷണം]

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

ജൂൺ- ജൂലായ്.

- നാടൻ പാട്ടുകൾ ശേഖരണം [വായ്ത്താരികൾ ഉള്ളത്]
- പഴഞ്ചൊല്ലുകൾ ശേഖരണം.
- കഥാശേഖരം – ക്ലാസ്സ് ലൈബ്രറി നവീകരണം [നാട്ടുകഥകൾ]
- നാടൻ പാട്ടിലെയും കവിതയിലെയും താളം [കവിത ചൊല്ലൽ ശിൽപശാല]
- കഥോത്സവം : [നാടൻ കഥകളുടെ അവതരണ ശിൽപശാല]
- കടങ്കഥകൾ ശേഖരണം : കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ്, കടങ്കഥപ്പയറ്റ്.
- കഥയിലെ കേമൻ : കലാകാരനെ പരിചയപ്പെടാം- അഭിമുഖ സംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം. ആൽബം
- പാവനാടകത്തെ അടുത്തറിയാം. - ശിൽപശാല.

Scanned By Camera Scanner

ആഗസ്റ്റ്, സെപ്തംബർ.

2. പലഹാരപ്പൊതി

: കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ.

- ക്ലാസ്സ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ.
- നാടക ശിൽപശാല
- റോൾപ്ലേ അവതരണങ്ങൾ.
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ.
- കത്തുകൾ മാതൃകകൾ
- ഹരിത കർമസേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം.
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.
- CPTA ഓണാം മികവുത്സവം
- നാടോടിക്കഥകളുടെ അവതരണം, നാടൻപാട്ടുകളുടെ അവതരണം, പാവനാടകം അവതരണം.

ഒക്ടോബർ:

3- മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം.
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം.
- കുട്ടിക്കളികൾ :- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ് നാടൻ പാട്ട് ശിൽപശാല

Scanned By Camera Scanner

ക്ലാസ്സ്: 3

ഗണിതം.

: ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം.

- പ്രവർത്തനങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും കണ്ണി ചേർത്തു കൊണ്ടാണ് ഗണിതപഠനം എന്നത് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്.
- കുട്ടികളുടെ താൽപര്യവും, ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്.
- യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്.
- സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നതാണ്.
- ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്.
- 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും

Scanned By Camera Scanner

കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ പഠനം ലക്ഷ്യം വെക്കണം.

- നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു.
- രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു.
- മനഃഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.
- നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു.
- സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്.
- ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്താം. പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ

Scanned By Camera Scanner

അവസരം ഒരുക്കിയിട്ടുണ്ട്.

- അളവുകൾ ഊഹിച്ച് പറയുന്നതിനും, നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.
- 9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഉന്നത വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു.
- ഉന്നത ചിന്തയോടൊപ്പം ഉന്നത ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്.

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം.

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ ചതുരം, വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം, തോണി നിർമ്മാണം [ കളർ A4 ] Vegetable printing, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ്, ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല നിർമ്മിക്കേണ്ടത് 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം കമ്പ് കെട്ടുകൾ, സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം.

Scanned By Camera Scanner

ആഗസ്റ്റ്, സെപ്തംബർ

: പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ഒക്ടോബർ:

· സംഖ്യരേഖയിൽ നിർമാണം, കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ഗ്രാഫ്

നവംബർ, ഡിസംബർ

: ഗണന വസ്തുത കാർഡ് നിർമാണം.

Scanned By Camera Scanner

ക്ലാസ്സ്: 3

## പരിസര പഠനം.

**ലക്ഷ്യം:**

- പ്രകൃതി സംരക്ഷണം, പ്രകൃതി വിഭവങ്ങൾ നിരീക്ഷിക്കുന്നതിനും തിരിച്ചറിയുന്നതിനും അവസരമൊരുക്കൽ.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുന്നു.

**പ്രവർത്തനങ്ങൾ:**

ജൂൺ - ജൂലൈ

- മരങ്ങൾ വെച്ച് പിടിപ്പിക്കൽ
- മരങ്ങൾക്ക് നെയിം ബോർഡുകൾ സ്ഥാപിക്കൽ.
- പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം.
- സ്കൂൾ പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് ലഘു-വ്യായാമങ്ങൾ.
- ലഘുവർക്ക് ഔട്ട് നടത്തുക.
- ലഘുപരീക്ഷണങ്ങൾ ചെയ്യൽ
- ചെടികളെ വ്യത്യസ്ത രീതിയിൽ വർഗീകരിക്കൽ, സസ്യങ്ങളെ അവയുടെ വൈവിധ്യത്തിനനുസരിച്ച് ശേഖരിച്ചും അവയുടെ പേര്, പ്രത്യേകതകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രദർശനങ്ങൾ നടത്തൽ.
- അടുക്കളത്തോട്ടം നിർമിക്കൽ
- ഹെർബേറിയം നിർമിക്കൽ
- Hanging garden നിർമാണം.

Scanned By Camera Scanner

- വീടുകളിലും, കൃഷിക്കും പൂന്തോട്ട നിർമാണത്തിലും പങ്കാളികളാകാൻ മികച്ചവ കണ്ടെത്തി അനുമോദിക്കൽ.

അഗസ്റ്റ് – സെപ്തംബർ:

- ജീവികളിലെ വൈവിധ്യം തിരിച്ചറിയൽ, വർഗീകരിക്കൽ
- ജീവികളെ അവയുടെ സഞ്ചാര രീതി, ഇരയെ പിടിക്കുന്ന രീതി എന്നിവ തിരിച്ചറിയൽ.

ഒക്ടോബർ:

- ഹരിത ക്ലബ്ബ്, ശാസ്ത്ര ക്ലബുകളുടെ നേതൃത്വത്തിൽ പോസ്റ്റർ രചന, ക്വിസ്സ്, ചുമർപത്രിക നിർമാണം. നാലിക്കൾ സംഘടിപ്പിക്കൽ
- ക്ലാസ്സ് PTA ഉൾപ്പെടുത്തി ശുചീകരണ ഉപകരണങ്ങൾ നിർമിക്കൽ
- ഫീൽഡ് ട്രിപ്പുകൾ
- അഭിമുഖം: നാട്ടിലെ കർഷകൻ.

Scanned By Camera Scanner

class: 3

English.

June - July:

- Making words with letter cards.
- Word search: Finding and introducing new words every day.
- Arrange the words: Sort word.
- Writing simple stories
- Thought's of Sasha
- Arranging conversation
- writing simple description
- word hunt - each day 5 words.

August - September:

- Reading card workshop
  - Reading cards can be made by using class PTA
- Reading competition: Organizing story and poetry reading competitions.
- Organizing memory test competition using English clubs
- Writing food preparation steps.

Scanned By Camera Scanner

October:

- English newspaper reading.
- Organize assemblies with English emphasis
- Organize storytelling competitions
- Organize Poetry recitation competitions.
- presenting thought of the day in class.
- Organize riddles and puzzles competitions.

January, February and March:

- Organize workshops on storytelling and poetry writing.
- Organize story and poetry writing competitions.

Scanned By Camera Scanner

# അക്കാദമിക് പ്ലാൻ- അറബിക്

## ALPS VADAKKUMMURI

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം:<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| 2 | വായനാ ലോകം<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>2. ക്ലാസ്സ് വായന:<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സമാഹരണം:<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| 4 | അനുഭവ ലോകം<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | പദപരിചയം<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ:<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പത്തനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം:<br>കട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ.<br><br>* ഓരോ കട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിന് (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

Scanned By Camera Scanner

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച്<br>ഓരോ ദിനങ്ങൾക്കുമുള്ള<br>പോസ്റ്ററുകൾ<br>നിർമ്മിക്കുന്നു<br>(ഗ്രൂപ്പ് പ്രവർത്തനം) | | | |

Scanned By Camera Scanner

# Acadamic

# Master plan

## STD-4

# ഭാഷ

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ഗണിതം

# <u>ഗണിതം (Std IV)</u>

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# English

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങഇ<br>ഇഹമൈ ജ്ഠഅ | ജ്ഠഅ ഋഃഇ<br>ടങഇ |

# പരിസരപഠനം

# പരിസരപഠനം (Std IV)

| | | | | |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |